LIBRARY ARCHIVES Kerala Legislative Assembly

പിൻവലിക്കപ്പെട്ട കേസുകൾ

34 (1737) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ എത്ര കേസ്സുകൾ പിൻവലിക്കുന്നതിനായി പ്രോസിക്യൂഷൻ ഉത്തരവ് നൽകിയിട്ടുണ്ടെന്നും ഇതിൻപ്രകാരം പിൻവലിക്കപ്പെട്ട കേസുകൾ എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) ഇവ ഏതൊക്കെ സെക്ഷൻ ഉൾപ്പെടുത്തിയിരുന്ന കേസ്സുകളാണെന്നും ഏതൊക്കെ കോടതികളിൽ ഉള്ളവ ആയിരുന്നെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 5089 കേസുകൾ പിൻവലിക്കുന്നതിന് സർക്കാർ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ട്. ഇതിൽ 1403 കേസുകൾ പിൻവലിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

തീരദേശ നിയന്ത്രണ വിജ്ഞാപന ഭേദഗതി

35 (1738) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സംരക്ഷണ നിയമമനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നല്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) വീട് വയ്ക്കാൻ വേറെ സ്ഥലമില്ലാത്ത പാവപ്പെട്ടവർക്ക് എന്തെങ്കിലും ഇളവ് ഈ നിയമത്തിലുണ്ടോ എന്നറിയിക്കുമോ ; ഇവർക്ക് വീട് നിർമ്മാണത്തിന് ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) തീരദേശസംരക്ഷണ നിയമമനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2011-ലെ വിജ്ഞാപനം പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമാണ് :

സി.ആർ.ഇസഡ്-I മേഖലയിൽ പുതിയ നിർമ്മാണം അനുവദനീയമല്ല.

സി.ആർ.ഇസഡ്-II-ൽ (നഗരപ്രദേശങ്ങളിൽ) നിലവിലുള്ള (19-2-1991) കെട്ടിടത്തിന്റെയോ റോഡിന്റെയോ കരഭാഗത്ത് പുതിയ കെട്ടിടം നിർമ്മിക്കാം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സി.ആർ.ഇസഡ്-III (ഗ്രാമപ്രദേശങ്ങളിൽ) കടലിന്റെയും വേലിയേറ്റ സ്വാധീനമുള്ള ഉൾനാടൻ ജലാശയങ്ങളുടെ ഇരുകരകളിലും വേലിയേറ്റരേഖ മുതൽ നൂറ് മീറ്റർ വരെ പുതിയ നിർമ്മിതികൾ സാധ്യമല്ല. എന്നാൽ നിലവിലുള്ള തറ വിസ്തീർണ്ണം വർദ്ധിക്കാതെ പുനർനിർമ്മാണം അനുവദിക്കാം. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും നൂറ് മീറ്റർ കഴിഞ്ഞ് 200 മീറ്റർ വരെ തദ്ദേശവാസികൾക്ക് ചില നിയന്ത്രണങ്ങൾക്ക് വിധേയമായി പുതിയ നിർമ്മാണം അനുവദിക്കാം. വേലിയേറ്റ രേഖയിൽനിന്നും 200 മീറ്റർ-500 മീറ്റർ പരിധിയിൽ പുതിയ നിർമ്മാണം (വീടുകൾ) അനുവദിക്കും. ഇവിടെ ടൂറിസവും ചില നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാം. കേരളത്തിലെ കായൽ ദ്വീപുകളിൽ സി.ആർ.ഇസഡ് മേഖല 50 മീറ്റർ മാത്രമേ ഉള്ളൂ.

(ബി) നിലവിലുള്ള നിയമത്തിൽ ഇളവില്ല. സംസ്ഥാന സർക്കാർ ചില ഇളവുകൾക്കുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തീരദേശ നിയന്ത്രണ വിജ്ഞാപന ഭേദഗതി

36 (1739) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വിജ്ഞാപന ഭേദഗതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) തീരദേശ നിയന്ത്രണ വിജ്ഞാപന ഭേദഗതിക്ക് അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കും മറ്റ് തീരദേശവാസികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വിജ്ഞാപനത്തിന്റെ വ്യവസ്ഥകളിൽ ആവശ്യമായ ഇളവുകൾ വരുത്തുന്നതിന് ബഹു ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര വനം പരിസ്ഥിതി മന്ത്രിക്ക് കത്ത് നൽകിയിരുന്നു. തുടർന്ന് ഈ ആവശ്യം പഠിക്കുന്നതിനായി കേന്ദ്ര സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി 22-8-2014-ന് കേരളത്തിൽ വന്ന് ആവശ്യങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടത്തുകയുണ്ടായി. 2014 ഒക്ടോബർ 27-ന് ഡൽഹിയിൽ വച്ച് ഈ സമിതിയുമായി സംസ്ഥാന സർക്കാരിന്റെ പ്രതിനിധികൾ ആവശ്യങ്ങൾ ചർച്ച ചെയ്തു. ഇതുകൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിയേയും കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly